**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5448** — **24-03-2025 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കുട്ടനാടിന്റെ ശോചനീയാവസ്ഥ മനസ്സിലാക്കി രണ്ടാം കുട്ടനാട് പാക്കേജ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | ഒന്നാം കുട്ടനാട് പാക്കേജ് നടപ്പാക്കിയതിൽ നിന്നുള്ള കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടും 2018-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിലും കുട്ടനാട് പാക്കേജിനെ കുറിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് 2019-ൽ ഒരു പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിലെ ശിപാർശകൾ രണ്ടാം കുട്ടനാട് പാക്കേജ് എന്ന നിലയിൽ ഇപ്പോൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.<br><br>രണ്ടാം കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിനാണ് കൃഷി വകുപ്പിന്റെ G.O. (Ms) No. 94/2022/AGRI തീയതി 01.11.2022 പ്രകാരം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കുട്ടനാട് വികസന കൗൺസിൽ പ്രത്യേക ഘടനയോടെ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സമഗ്രത കൗൺസിലിന്റെ പ്രവർത്തനങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.<br><br>നിലവിൽ വിവിധ വകുപ്പുകളുടെ കീഴിൽ പാക്കേജിൽ ഉൾപ്പെട്ട നിരവധിയായ പ്രവൃത്തികൾ ബഡ്ജറ്റിലൂടെ നടപ്പാക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി പുനഃസ്ഥാപനം എന്നതിന് ഊന്നൽ നൽകിയാണ് രണ്ടാം കുട്ടനാട് പാക്കേജ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. റീബിൽഡ് കേരള പദ്ധതി - (ആർ.കെ.ഐ) ഈ പാക്കേജിന്റെ ഭാഗമായി നടപ്പാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിനോടൊപ്പം കിഫ്ബി മുഖാന്തിരമുള്ള ആരോഗ്യ-കുടിവെള്ള അടിസ്ഥാന സൗകര്യ പദ്ധതികളും പുരോഗമിച്ചു വരുന്നു. ഹ്രസ്വകാല, മധ്യകാല, ദീർഘകാല പദ്ധതികളായി പാക്കേജിൽ ഉൾപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>അച്ചൻകോവിൽ, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴയാർ എന്നീ നദികളുടെ നീർത്തട |

| | | | |
|---|---|---|---|
| | | | മാസ്റ്റർപ്ലാനുകൾ സമയബന്ധിതമായി തയ്യാറാക്കി രണ്ടാം പാക്കേജിന്റെ ഭാഗമാക്കുന്നതിനും ലക്ഷ്യമിടുന്നു. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രത്യേക മോണിറ്ററിങ് സംവിധാനമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | ജലവിഭവം, കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം, ഊർജ്ജം, ക്ഷീരവികസനം, വ്യവസായം, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നിങ്ങനെ വിവിധ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങളാണ് കൃഷി വകുപ്പിന്റെ G.O. (Ms) No. 94/2022/AGRI തീയതി 01.11.2022 പ്രകാരം രൂപീകൃതമായ കുട്ടനാട് വികസന ഏകോപന സമിതിയുടെ പരിഗണനയിലുള്ളത്.<br><br>പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ തലങ്ങളിൽ വിവിധ വകുപ്പുകൾ, കാര്യാലയങ്ങൾ, പാടശേഖരസമിതികൾ, ബന്ധപ്പെട്ട ജനപ്രതിനിധികൾ എന്നിവരുമായി നേരിട്ടും അല്ലാതെയും യോഗങ്ങളും ചർച്ചകളും നടത്തി പദ്ധതി പുരോഗതി അവലോകനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ